# വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ




അപേക്ഷിതൻ

പായ്ച്ചിറ നവാസ്. എ
വിവരാവകാശ പ്രവർത്തകൻ
നവാസ് മൻസിൽ, പായ്ച്ചിറ, പള്ളിപ്പുറം.പി.ഒ
തിരുവനന്തപുരം - 695 316
ഫോൺ: 9061283244

സ്വീകർത്താവ്

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഓർഫനേജ് കൺട്രോൾ ബോർഡ് ഓഫീസ്
വികാസ് ഭവൻ, തിരുവനന്തപുരം

*Respected Sir,*

വിഷയം : സംസ്ഥാനത്തെ ഓർഫനേജുകളെ സംബന്ധിച്ച്-

സൂചന : അംഗീകാരം ഉള്ളതും, ഇല്ലാത്തതുമായ ഓർഫനേജുകളെ കുറിച്ചറിയുന്നതിന്-

ഒരു പൗരൻ നൽകുന്ന വിവരാവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷയായി പരിഗണിച്ച്, പൊതുജനതാല്പര്യ പ്രകാരം വിവരങ്ങൾ നൽകാൻ താല്പര്യപ്പെടുന്നു.

1. സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് എന്നുമുതലാണ് നിലവിൽ വന്നത്? സംസ്ഥാനത്ത് എത്ര ഓർഫനേജുകൾ പ്രവർത്തിക്കുന്നുണ്ട്? ഇതിൽ അംഗീകാരമുള്ളതെത്ര? ഇല്ലാത്തതെത്ര? ജില്ല തിരിച്ചുള്ള മുഴുവൻ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

2. ഓർഫനേജ് കൺട്രോൾ ബോർഡിന്റെ പൂർണ്ണ ചുമതല ഏത് വകുപ്പിനാണ്? നിലവിലെ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാൻ, വൈസ് ചെയർമാൻ, മറ്റ് ഡയറക്ടർമാർ എന്നിവരുടെ മുഴുവൻ പേരുവിവരങ്ങളും, സേവനത്തിൽ പ്രവേശിച്ച തീയതി, കാലാവധി അവസാനിക്കുന്ന തീയതി എന്നിവയുടെ പൂർണ്ണവിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

3. ഒരു ഓർഫനേജ് പ്രവർത്തനം തുടങ്ങാൻ കൺട്രോൾ ബോർഡ് നിഷ്കർഷിക്കുന്ന യോഗ്യതകൾ, മാനദണ്ഡങ്ങൾ, ജനറൽ കണ്ടിഷൻസ് മാനുവൽ എന്നിവയുടെ സാക്ഷ്യപകർപ്പുകൾ ആവശ്യമാണ്.

4. അംഗീകാരമില്ലാത്ത ഓർഫനേജുകൾക്കെതിരെ നടപടിയെടുക്കേണ്ടത് ആരാണ്? സംസ്ഥാനത്ത് അംഗീകാരമില്ലാത്ത എത്ര ഓർഫനേജുകൾ പ്രവർത്തിക്കുന്നതായി കൺട്രോൾ ബോർഡിന് ബോദ്ധ്യമായിട്ടുണ്ട്? ജില്ല തിരിച്ചുള്ള അംഗീകാരമില്ലാത്ത മുഴുവൻ ഓർഫനേജുകളുടേയും വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

5. അംഗീകാരമുള്ള ഓർഫനേജുകൾ കൃത്യമായും, ശരിയായും അവരുടെ രേഖകളും, വിവരങ്ങളും ബോർഡിൽ ഹാജരാക്കാറുണ്ടോ? ഈ രേഖകൾ ബോർഡ് അധികൃതർ വിശദമായി പരിശോധിക്കാറുണ്ടോ?

6. ഇങ്ങനെ പരിശോധിക്കുന്ന രേഖകളിൽ വ്യാജ രേഖകളോ, വിവരങ്ങളോ, ക്രമക്കേടുകളോ, അഴിമതിയോ, നിയമവിരുദ്ധ പ്രവർത്തനങ്ങളോ നടന്നതായി ബോർഡ് കണ്ടെത്തിയിട്ടുണ്ടോ? പൂർണ്ണ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

(മറുപുറം)

7. 2010ന് ശേഷം ഓർഫനേജ് കൺട്രോൾ ബോർഡ് സംസ്ഥാനത്ത് എത്ര ഓർഫനേജുകൾക്ക് അംഗീകാരം നൽകി? 2010 ന് ശേഷം എത്ര ഓർഫനേജുകളുടെ അംഗീകാരം റദ്ദാക്കി? ജില്ല തിരിച്ചുള്ള പൂർണ്ണ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

8. 2000 ജനുവരി ഒന്നുമുതൽ 2015 വരെ കേന്ദ്ര/സംസ്ഥാന സർക്കാരിൽ നിന്നും ഓർഫനേജ് ബോർഡിന് ലഭിച്ച മുഴുവൻ സാമ്പത്തിക വിവരങ്ങളുടേയും, രേഖകളുടേയും വർഷം തിരിച്ചുള്ള സാക്ഷ്യപകർപ്പുകൾ ആവശ്യമാണ്. 2000 ജനുവരി ഒന്നു മുതൽ 2015 വരെയുള്ള പ്രോഫിറ്റ് & ലോസിന്റെയും, ബാലൻസ് ഷീറ്റിന്റെയും സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

9. സംസ്ഥാനത്ത് വിദേശഫണ്ടുകൾ സ്വീകരിക്കാൻ അനുമതിയുള്ള ഓർഫനേജുകൾ ഏതെല്ലാമാണ്? ജില്ലതിരിച്ചുള്ള വ്യക്തമായ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

10. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള അനാഥാലയങ്ങളിൽ നിന്നും നാളിതുവരെ എത്ര അന്തേവാസികൾ തിരിച്ചുവരാത്ത വിധം ചാടിപ്പോയിട്ടുണ്ട്? ജില്ല, ഓർഫനേജ്, വർഷം, ചാടിപ്പോയ അന്തേവാസിയെക്കുറിച്ചുള്ള വിവരം എന്നിവയുടെ പൂർണ്ണമായ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

11. സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിലുള്ള അനാഥാലയങ്ങളിൽ ഏതെല്ലാം ക്രിമിനൽ/വിജിലൻസ്/സിവിൽ കേസുകൾ നേരിടുന്നുണ്ട്? പൂർണ്ണമായ വിവരങ്ങളും, രേഖകളുടെ സാക്ഷ്യപകർപ്പുകളും ആവശ്യമാണ്.

അപേക്ഷകൻ
18/08/15

തിരുവനന്തപുരം
18.08.2015

വിവരാവകാശ പ്രവർത്തകൻ
പായ്ച്ചിറ നവാസ്. എ